ശ്രീ. എം. മുരളി :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര ട്രെയിനുകളിലെ റിസർവേഷൻ കോച്ചുകളിൽ പകൽ സമയം കയറുന്ന കുറഞ്ഞ ദൂരയാത്രക്കാരിൽനിന്നും സ്ലീപ്പർക്ലാസ്സിന്റെ ചാർജ്ജും, റിസർവേഷൻ ഫീസും ഈടാക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സതേൺ റെയിൽവേ ജനറൽ മാനേജരുമായി 5.5.99-ൽ വനവും ഗതാഗതവും വകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ ഇക്കാര്യം ചർച്ച ചെയ്യുകയും യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

82 (374) മലബാറിലെ ക്ഷേത്രം ജീവനക്കാർ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ജീവനക്കാരുടെ പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തുച്ഛ ശമ്പളം വാങ്ങിയിരുന്ന ക്ഷേത്ര ജീവനക്കാർക്ക് ശമ്പള സ്കെയിൽ ഏർപ്പെടുത്തി. 1/1/1995 മുതൽ മുൻകാല പ്രാബല്യം നൽകി. 6/8/1996-ലെ ജി.ഒ.(എം.എസ്.)നം:415/96/ആർ.ഡി. പ്രകാരം ശമ്പളഘടന പരിഷ്കരിച്ചു നടപ്പിലാക്കി. ശമ്പളപരിഷ്കരണം സംബന്ധിച്ചും അതിനുള്ള കുടിശ്ശിക നൽകുന്നതിനുമായി ഇതിനോടകം 3 പ്രാവശ്യമായി ഓരോ കോടി രൂപവീതം (ആകെ 3 കോടി രൂപ) സ്പെഷ്യൽ ഗ്രാന്റായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് സർക്കാർ നൽകിയിട്ടുണ്ട്.

ജീവനക്കാരുടെ ശമ്പളവും ശമ്പള കുടിശ്ശികയും നൽകുന്നതിനായി ഓരോ വർഷവും ഒരു കോടി രൂപവീതം ബജറ്റിൽ വകകൊള്ളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. മലബാറിലെ ക്ഷേത്രങ്ങൾക്കായി മലബാർ ദേവസ്വം ബോർഡും മൂന്ന് മേഖലകൾക്കുംകൂടി ഒരു ദേവസ്വം അപ്പക്സ് ബോർഡും

LIBRARY ARCHIVES Kerala Legislative Assembly

വിഭാവനം ചെയ്യുന്ന ഒരു ഏകീകൃത നിയമത്തിനായുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ സഭയുടെ പരിഗണനയിലാണ്.

83 (375) കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറുടെ ചുമതല കൈമാറാൻ നടപടി

ശ്രീ. വി. ബാലറാം ;
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറുടെ ചുമതല അഡീഷണൽ സെക്രട്ടറി ശ്രീ. വി.സി. സുബ്രഹ്മണ്യനെ ഏൽപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നുവോ;

(ബി) അതനുസരിച്ച് ചാർജ്ജെടുക്കാൻ ചെന്ന ശ്രീ. സുബ്രഹ്മണ്യന് കമ്മീഷണറുടെ ചുമതല നൽകാതിരുന്നത് എന്തുകൊണ്ടാണ്;

(സി) അതിനുത്തരവാദി ആരാണെന്നു വ്യക്തമാക്കുമോ;

(ഡി) ഹൈക്കോടതിയുടെ ഉത്തരവ് ലംഘിച്ചതിന്മേൽ എന്ത് നടപടിയെടുത്തു?

ഉത്തരം

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൂന്ന് വർഷത്തേയ്ക്ക് കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറായി തിരഞ്ഞെടുത്ത് നിയമിക്കുന്നതിന് ഏറ്റവും അനുയോജ്യനായ വ്യക്തി നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. വി.സി. സുബ്രഹ്മണ്യനാണെന്ന് ബഹു:കേരള ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

(ബി)&(സി) ദേവസ്വംബോർഡ് പ്രസിഡന്റിന്റെ അനുവാദം ഇല്ലാതിരുന്നതിനാൽ ശ്രീ. സുബ്രഹ്മണ്യന് കമ്മീഷണറുടെ ചുമതല ഏൽപ്പിച്ചുകൊടുക്കാൻ ദേവസ്വംബോർഡിന് ആദ്യം സാധിച്ചില്ല എന്നും, എന്നാൽ പ്രസിഡന്റിനെ സ്ഥാനത്ത്നിന്ന് നീക്കിനിർത്തി ബോർഡിന്റെ ചുമതലകൾ സെക്രട്ടറിയെ ഏൽപ്പിച്ചുകൊണ്ട് ബഹു:ഹൈക്കോടതി ഉത്തരവായതിനെ തുടർന്ന് ജൂൺ 5-ന് കമ്മീഷണറുടെ ചുമതലകൾ ശ്രീ. സുബ്രഹ്മണ്യന് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട് എന്നും ദേവസ്വംബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് ബഹു: കേരള ഹൈക്കോടതിയിൽ സി.സി. സി. 211/99, സി.സി.സി.246/99 നമ്പർ കേസ്സുകൾ നിലവിലുണ്ട്.

84 (376) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly